**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4831** **13-03-2023 - ൽ മറുപടിയ്ക്ക്**

**മറൈൻ ആംബുലൻസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസുകൾ തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഉണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴി ലാളികളെ രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യങ്ങളോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. 24 മണിക്കൂറും പ്രവർത്തന സജ്ജമായ മറൈൻ ആംബുലൻസുകളിൽ പാര മെഡിക്കൽ സ്റ്റാഫുകൾ, സീ റെസ്ക്യൂ ഗാർഡുമാർ എന്നിവരുടെ സേവനം ലഭ്യമാണ്. മൊബൈൽ മോർച്ചറി, ബെഡുകൾ, അത്യാവശ്യ മരുന്നുകൾ തുടങ്ങിയവ മറൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ